**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4471** **29-10-2021 - ൽ മറുപടിയ്ക്ക്**

**കോരുത്തോട് കോസടി ഗവ.ട്രൈബൽ യു.പി. സ്കൂളിന്റെ കെട്ടിടനിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കോരുത്തോട് പഞ്ചായത്തിലെ കോസടി ഗവ.ട്രൈബൽ യു.പി. സ്കൂളിന്റെ പുതിയ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എന്തെല്ലാം പ്രവൃത്തികളാണ് ഇനിയും അവശേഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | വാട്ടർ സപ്ലൈ, സാനിട്ടറി, സെപ്റ്റിക് ടാങ്ക്, റെയിൻവാട്ടർ ഹാർവസ്റ്റിംഗ്, സമ്പ് ടാങ്ക് എന്നീ പ്രവൃത്തികളാണ് അവശേഷിക്കുന്നത്. |
| (സി) | കെട്ടിടനിർമ്മാണത്തിനുള്ള ഭരണാനുമതി തുകയിൽ തുക ശേഷിക്കുന്നുണ്ടോ; | (സി) | കെട്ടിട നിർമ്മാണത്തിനായി 2014-15 സാമ്പത്തിക വർഷം 28/05/2014 തീയതിയിലെ സ.ഉ(സാധാ)നം.835/2014/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, ടി തുക 05/06/2014-ലെ പി.എം.1-7512/12/2014 പ്രകാരം പി.ഡബ്ല്യു.ഡി (കെട്ടിട വിഭാഗം) ചീഫ് എഞ്ചിയനീയർക്ക് അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ആയതിൽ 53 ലക്ഷം രൂപ ശേഷിക്കുന്നുണ്ടെന്ന് പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ പ്രസ്തുത തുക ഉപയോഗപ്പെടുത്തി ശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗവുമായി ബന്ധപ്പെട്ട് നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ